## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1794 — 04.05.2017-ൽ മറുപടിയ്ക്ക്

### കാരുണ്യ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളാണുള്ളത്; | (എ) | കാരുണ്യ പദ്ധതിയിൻ കീഴിൽ കാസർഗോഡ് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നുണ്ട്. കൂടാതെ മാലിക് ദീനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ എന്നീ 2 സ്വകാര്യ ആശുപത്രികൾക്കും കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റേഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലയിൽ മെഡിക്കൽ കോളേജ് ഇല്ലാത്തതിനാലും അടുത്ത പ്രദേശം എന്ന നിലയിലും കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്ത് മേജർ അസുഖങ്ങൾക്ക് ചികിത്സ തേടുന്നവർക്ക് കാരുണ്യ പദ്ധതി മുഖേനയുള്ള തുക ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ടി പദ്ധതിയിൽ സഹായം ലഭ്യമാക്കും എന്ന് പറഞ്ഞതല്ലാതെ എന്തെങ്കിലും നടപടി ഈ വിഷയത്തിൽ എടുത്തിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 04.08.2016-ലെ 25-ാം സംസ്ഥാനതല കമ്മിറ്റി തീരുമാനം 25/7 പ്രകാരം കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് കൂടി ആവശ്യമെങ്കിൽ പ്രത്യേകാനുമതി നല്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ 'സമഗ്ര ആരോഗ്യ പദ്ധതി' നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലുള്ളതിനാൽ കർണ്ണാടക സംസ്ഥാനത്തിലെ ആശുപത്രികളെ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ മേൽ വിഷയത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.